(ബി) ഇടുക്കിജില്ലയുടെ സമഗ്രമായ ഭൂവിനിയോഗ പദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

മണ്ണു സംരക്ഷണം ആവശ്യമായ പ്രദേശങ്ങൾ കണ്ടെത്തി നിർദ്ദേശം നൽകുന്ന പ്രവർത്തനം കൊല്ലം ജില്ലയിൽ പൂർത്തിയാക്കുകയും തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുകയും ചെയ്തു. കേരളത്തിലെ ഭൂവിഭവങ്ങളേയും ഭൂവിനിയോഗത്തേയും സംബന്ധിച്ച നാലുപഠന റിപ്പോർട്ടുകൾ തയ്യാറാക്കി. ഈ വിവരങ്ങൾ റിമോട്ട് സെൻസിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് ശേഖരിക്കുന്നതിനുവേണ്ടി കേരളത്തിന്റെ 5 വടക്കൻജില്ലകളുടേയും ആ ജില്ലകളിലെ ഏഴുനഗരങ്ങളുടേയും ഏരിയൽ ഫോട്ടോകൾ എടുത്തുകഴിഞ്ഞു. 4 ജില്ലകളിൽ ഫോട്ടോകൾ എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ബോർഡിലെ ഉദ്യോഗസ്ഥൻമാർ ഡെറാഡൂണിലെ റിമോട്ട് സെൻസിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലും അഹമ്മദാബാദ് സ്പെയ്സ് ആപ്ലിക്കേഷൻ സെന്ററിലും പരിശീലനം നേടുകയുണ്ടായി. റിമോട്ട് സെൻസിംഗ് സാങ്കേതിക പരിജ്ഞാനത്തെപ്പറ്റി ഒരു ദേശീയ സെമിനാർ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ഈ വിഷയത്തിൽ ഹ്രസ്വകാല പരിശീലന പരിപാടി ബോർഡിൽ നടത്തി വരുന്നു.

ബോർഡിൽ ഒരു യൂസർസെൽ ഏജൻസി സ്ഥാപിച്ചു.

കേരളത്തിലെ വനസമ്പത്തിനേയും, വന നശീകരണത്തേയും കുറിച്ചുള്ള ഒരു ഗവേഷണ പഠനം ആരംഭിച്ചു.

കേരള ഭൂവിനിയോഗ ചട്ടങ്ങൾ

1994 [3068] ശ്രീ. സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂവിനിയോഗ ചട്ടങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള ഭൂവിനിയോഗ ചട്ടങ്ങൾ എന്നൊന്ന് നിലവിലില്ല. നേരേമറിച്ച് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവാണ് നിലവിലുള്ളത്. പ്രസ്തുത ഉത്തരവ് 1967-ൽ തന്നെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കിളിമാന്നൂർ പഞ്ചായത്തിൽ കുത്തകപ്പാട്ടത്തിന് നൽകിയ ഭൂമി

1995 [3069] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ കിളിമാന്നൂർ പഞ്ചായത്തിൽ കുത്തകപ്പാട്ടത്തിനു ഭൂമി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവ പതിച്ചു കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏഴു കേസുകളിലായി 0.1600 ഹെക്ടർ.

(സി) അപേക്ഷകരം കിട്ടുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് പതിവ് നടപടികരം ആവശ്യമെങ്കിൽ സ്വീകരിക്കുന്നതാണ്.

ചീക്കാട് പ്രദേശത്തെ മലയോര കർഷകർക്ക് പട്ടയം

1996 [3071] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഉദയഗിരി പഞ്ചായത്തിൽ ചീക്കാടു പ്രദേശത്ത് വർഷങ്ങളായി താമസിക്കുന്ന മലയോര കർഷകർക്ക് പട്ടയ നൽകണമെന്ന് നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 14—3—1984—ൽ ഒരു നിവേദനം ലഭിച്ചിരുന്നു.

(ബി) നിവേദനത്തിൻമേൽ അടിയന്തിര നടപടികരം എടുക്കണമെന്ന് കണ്ണൂർ ജില്ലാ കളക്ടർക്ക് സർക്കാരിന്റെ 24—3—1984—ലെ 15187/എൽ2/84/ആർ ഡി. കത്ത് പ്രകാരം നിർദ്ദേശം നൽകുകയും ആ വിവരം ബഹു. ശ്രീ. കെ. സി. ജോസഫ് എം. എൽ. എ. യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മലാപ്പറമ്പ്, കാരപ്പറമ്പ്, കാട്ടുവയൽ, പയ്യാനക്കൽ എന്നിവിടങ്ങളിലെ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് പട്ടയം

1997 [3073] ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ, തോട്ടിതൂപ്പുവേലക്കാരായ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 136 കുടുംബങ്ങൾക്ക് 1967—ൽ മലാപ്പറമ്പ്, കാരപ്പാറമ്പ്, കാട്ടുവയൽ, പയ്യാനക്കൽ എന്നിവിടങ്ങളിൽ ഭൂമി നൽകിയെങ്കിലും ഇതുവരെയായി ഇവർക്ക് പട്ടയം നൽകിയിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് പട്ടയം നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(സി) എത്രയും വേഗം ഇവർക്ക് പട്ടയം നൽകുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly